"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഹോസ്റ്റൽ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് തസ്തികയുടെ പൂർണ അധിക ചുമതല തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ അക്കൗണ്ട്സ് ഓഫീസറായ ശ്രീമതി സോഫിയ ബീഗം. ഇ -യ്ക്കു നൽകിയ നടപടി സാധുകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസം (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.365/2026/HEDN തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 19/12/2025 തീയതിയിലെ ED1/3372/2024/DTE നമ്പർ നടപടിക്രമം.
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 29/05/2024 തീയതിയിലെ ED1/3372/2025/DTE നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലെ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഹോസ്റ്റൽ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് ആയിരുന്ന ശ്രീ അനിൽകുമാർ സി. 31.05.2025 ൽ വിരമിച്ചതിനാൽ ടി തസ്തികയുടെ പൂർണ്ണ അധിക ചുമതല തിരുവനന്തപുരം കോളജ് ഓഫ് എഞ്ചിനിയറിംഗിലെ അക്കൌണ്ട്സ് ആഫിസർ ശ്രീമതി സോഫിയ ബീഗം. ഇ -യ്ക്കു നല്കിയ പരാമർശം - 1 -ലെ നടപടിക്രമം സാധുകരിക്കുവാൻ പരാമർശം - 2 ലെ കത്ത് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം കോളജ് ഓഫ് എഞ്ചിനിയറിംഗിലെ അക്കൌണ്ട്സ് ആഫിസർ ശ്രീമതി സോഫിയ ബീഗം ഇ. തന്റെ റെഗുലർ തസ്തികയുടെ ചുമതലകൾക്ക് പുറമെ 31.05.2025 അപരാഹ്നം മുതൽ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഹോസ്റ്റൽ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് തസ്തികയുടെ പൂർണ അധിക ചുമതല കൂടി നൽകിയ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (1) ലെ നടപടിക്രമം കേരള സർവ്വീസ് റൂൾസ് ഭാഗം 1 ചട്ടം 53 (ബി) പ്രകാരം സാധുകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി അജയൻ
അഡിഷണൽ സെക്രട്ടറി

പകർപ്പ് :
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ, കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം.

ശ്രീമതി സോഫിയ ബീഗം. ഇ., അക്കൌണ്ട്സ് ആഫിസർ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ&ഇ) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.

**www.highereducation.kerala.gov.in.**

കരുതൽ ഫയൽ/ഓഫീസ് കോപ്പി. ***(HEDN-G2/33/2026-HEDN)***

ഉത്തരവിൻ പ്രകാരം

Signed by Deepa N S
Date: 12-03-2026 17:19:24

സെക്ഷൻ ഓഫീസർ